കേരള സർക്കാർ
ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

നമ്പർ. 4292864/ബി3/2020/ഭ.പൊ.വി.വ

തിരുവനന്തപുരം
തീയതി : 28.04.2020.

സെക്രട്ടറി

പൊതുവിതരണ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം :- ഭ.പൊ.വി.വ - റേഷൻകാർഡ് ഇല്ലാത്തവർക്ക് കാർഡ് ലഭ്യമാക്കുന്നത് സംബന്ധിച്ച്.

സംസ്ഥാനത്ത് അർഹരായ പല കുടുംബങ്ങൾക്കും റേഷൻകാർഡില്ലാത്തതിനാൽ, കോവിഡ് - 19 ന്റെ ഭാഗമായി വിതരണം ചെയ്ത കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അർഹരായ കുടുംബങ്ങൾക്ക്, അപേക്ഷിച്ചാൽ 24 മണിക്കൂറിനുള്ളിൽ റേഷൻകാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ താൽപ്പര്യപ്പെടുന്നു. റേഷൻകാർഡിനായി ഹാജരാക്കുന്ന രേഖകളുടെ ആധികാരികത പരിശോധിക്കാൻ, നിലവിലെ സാഹചര്യത്തിൽ ബുദ്ധിമുട്ടാകുകയാണെങ്കിൽ താൽക്കാലിക റേഷൻകാർഡ് അനുവദിക്കേണ്ടതും രേഖകളുടെ ആധികാരികത സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്തം അപേക്ഷകനായിരിക്കും എന്നതിനു പുറമേ തെറ്റായ വിവരങ്ങൾ നൽകിയാൽ ശിക്ഷാനടപടികൾക്ക് വിധേയരാകുന്നതായിരിക്കും എന്ന സത്യവാങ്മൂലം കൂടി അപേക്ഷകരിൽ നിന്നും വാങ്ങേണ്ടതുമാണ്.

വിശ്വസ്തതയോടെ,
**മണിലാൽ. ബി.എസ്**
**ജോയിന്റ് സെക്രട്ടറി**
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. ഭക്ഷ്യവകുപ്പ മന്ത്രിയുടെ പി.എസ് ന്
ഭക്ഷ്യവകുപ്പ സെക്രട്ടറിയുടെ സി.എയ്ക്ക്

Scanned with CamScanner